**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.771 — 29.09.2016-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പ് സുതാര്യമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| --- | --- |
| എ) വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ രജിസ്ട്രേഷൻ വകുപ്പ് സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ രജിസ്ട്രേഷൻ വകുപ്പിൽ ഇന്റർനെറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കി. ഈ സംവിധാനത്തിലൂടെ ചുവടെ വിവരിക്കുന്ന സേവനങ്ങൾ ലഭ്യമാണ്.<br>1. ആധാര രജിസ്ട്രേഷൻ<br>2. ബാദ്ധ്യത സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തി നൽകുന്നു.<br>3. സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ<br>4. പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ<br>5. സൊസൈറ്റി രജിസ്ട്രേഷൻ<br>വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള തുക ഇന്റർനെറ്റ് മുഖാന്തിരം ഒടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. സംസ്ഥാനത്തെ 313 സബ് രജിസ്ട്രാർ ഓഫീസിലും ഇന്റർനെറ്റ് അധിഷ്ഠിത രജിസ്ട്രേഷൻ സംവിധാനം പ്രവർത്തന സജ്ജമാണ്. |
| ബി) വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആധാരമെഴുത്തുകാരുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ആശങ്കയും പ്രതിസന്ധിയും പരിഹരിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; | ബി) എല്ലാ ജില്ലകളിലും ആധാരം എഴുത്ത് കൈപ്പട ലൈസൻസികൾക്ക് അതാത് ജില്ലകളിൽവച്ച് online PEARL Software ൽ പരിശീലനം നൽകിയിട്ടുണ്ട്. ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവത്കരിക്കുവാൻ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. 14 ജില്ലകളിലുമായി ആകെ 3480 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br>ഇനിയും പരിശീലനം ലഭിക്കാത്ത ആധാരം എഴുത്ത് കൈപ്പട ലൈസൻസികൾക്ക് അതത് സബ് രജിസ്ട്രാർ ഓഫീസുകളിൽ വച്ച് പരിശീലനം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ |

സ്വീകരിച്ചിട്ടുള്ളതാണ്.നിലവിൽ ആധാരമെഴുത്തുകാർ തന്നെ പൊതുജനങ്ങൾക്കുവേണ്ടി ടോക്കൺ എടുക്കുകയും ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാനും വേണ്ടുന്ന സേവനവും ചെയ്തു വരുന്നു. ഈ സേവനങ്ങൾക്ക് അനുസൃതമായ സർവ്വീസ് ചാർജ്ജും ഈടാക്കിക്കൊണ്ടാണ് ഇത്തരം സേവനങ്ങൾ നൽകി വരുന്നത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവത്ക്കരണ നടപടികളിൽ ആധാരമെഴുത്തുകാർ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്.

സി) ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

സി) 1908 ലെ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 71, 83 എന്നിവയിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് ആൾമാറാട്ടം നടത്തി വ്യാജപ്രമാണം രജിസ്റ്റർ ചെയ്തതായി ബോദ്ധ്യപ്പെടുന്ന കേസുകളിലും സർക്കാർ ഭൂമിയോ പൊതുമേഖല സ്ഥാപനത്തിന്റെ ഭൂമിയോ കൈയ്യേറിയിട്ടുള്ളതായി ജില്ലാ കളക്ടർ ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലും ആധാരങ്ങൾ റദ്ദ് ചെയ്യുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അധികാരമുള്ളതിനാൽ അപ്രകാരമുള്ള ആധാരങ്ങളിൽ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്. 28.08.2013 തീയതിയിലാണ് ടി നിയമ ഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുള്ളത് എന്നതിനാൽ ടി തീയതിക്കുശേഷമുള്ള ആധാരങ്ങളെ സംബന്ധിച്ച് മാത്രമാണ് മേൽപ്രകാരമുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നത്.
മറ്റുകേസുകളിൽ ബഹുമാനപ്പെട്ട നീതിന്യായ കോടതികളെ സമീപിച്ചുകൊണ്ട് തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ